"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥി ഷോക്കേറ്റ് മരണപ്പെട്ട സംഭവം- ആരോപണ വിധേയയായ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, **ശ്രീമതി ഫസീല ബീവി.എ.** (PEN:703072)-യ്ക്കെതിരെയുള്ള അച്ചടക്കനടപടി- ഔപചാരിക അന്വേഷണം- ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിക്കുന്നത്- സംബന്ധിച്ച്.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.249/2026/LSGD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-

1. ചീഫ് എഞ്ചിനീയറുടെ 19-07-2025-ലെ LSGD/PD/22732/2025-DB2 നമ്പർ കത്ത്.
2. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ഫസീല ബീവി എം.(PEN:703072)-യ്ക്കെതിരെയുള്ള 26.07.2025-ലെ കുറ്റ പത്രവും കുറ്റാരോപണ പത്രികയും.
3. ശ്രീമതി. ഫസീല ബീവി എം. സമർപ്പിച്ച 12.08.2025-ലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 17-09-2025-ലെ LSGD/PD/23512/2025-VIGA3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കൊല്ലം തേവലക്കര ബോയ്സ് ഹൈസ്കൂളിൽ ടി സ്കൂളിലെ ഒരു വിദ്യാർത്ഥി 17.07.2025-ന് ഷോക്കേറ്റ് മരണപ്പെട്ട സംഭവത്തിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സർക്കാർ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കി. പ്രസ്തുത റിപ്പോർട്ടിൽ നിന്നും ടി കാലയളവിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന **ശ്രീമതി ഫസീല ബീവി എ.** ആണ് ടി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളത് എന്ന് വ്യക്തമായി.

സംസ്ഥാനത്തെ വിദ്യാലയങ്ങൾക്ക് അദ്ധ്യായന വർഷം ആരംഭിക്കുന്നതിനു മുൻപ് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണി ഇല്ലാത്തതും, അപകടസാധ്യത വരാൻ സാധ്യത ഇല്ലാത്തതും ക്ലാസ്സുകൾക്ക് തടസ്സം വരാത്തതുമായ രീതിയിൽ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകണമെന്നിരിക്കെ ഒരു വിദ്യാർത്ഥിയ്ക്ക് അപകടം വരാവുന്ന സാഹചര്യമുണ്ടായിരിയ്ക്കെ തേവലക്കര ബോയ്സ് ഹൈസ്കൂളിന് 2025 വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

നല്കിയതിന് ഉത്തരവാദിയായ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ **ശ്രീമതി ഫസീല ബീവി എ.**-(PEN:703072)- യ്ക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശം (2) മുഖേന കുറ്റപത്രവും കുറ്റാരോപണ മെമ്മോയും നല്കുകയും അച്ചടക്കനടപടി ആരംഭിച്ചു. പരാമർശം (3) പ്രതിവാദപത്രിക പ്രകാരം ടിയാൾ കുറ്റം നിഷേധിച്ചിട്ടുണ്ട്.

ആയതിനാൽ കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ **ശ്രീമതി ഫസീല ബീവി.എ.**-(PEN:703072)-യ്ക്കെതിരെ അച്ചടക്കനടപടി തുടരുന്നതിന്റെ ഭാഗമായി കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം (15) (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചു. ആയതിനായി കൊല്ലം കോർപറേഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ Smt. Manju R.V. (PEN:425728) - നെ നിയോഗിച്ചു ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960, Manual of Disciplinary Procedure എന്നിവ പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന്റെ എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ച് രേഖകൾ സഹിതമുള്ള അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി കൃത്യമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി മഞ്ജു ആർ.വി. (PEN:425728), എക്സിക്യൂട്ടിവ് എഞ്ചിനീയർ, കൊല്ലം. കോർപറേഷൻ, കൊല്ലം. **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**.
2. പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.
3. **ശ്രീമതി ഫസീല ബീവി എ.**-(PEN:703072), മുൻ അസിസ്റ്റന്റ് എഞ്ചിനീയർ, മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത്, കൊല്ലം. **(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തൃശ്ശൂർ.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (EWA1/30/2025-LSGD).

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 31-01-2026 14:59:40**
സെക്ഷൻ ഓഫീസർ